## പ്രസിദ്ധീകരണത്തിന്

## പുനർ വിജ്ഞാപനം

ജലജീവൻമിഷൻ പദ്ധതിയുടെ നിർവ്വഹണസഹായ എജൻസിയായി ഇടുക്കി ജില്ലയിലെ **16** ഗ്രാമപഞ്ചായത്തുകളിൽ കുടുംബശ്രീയെ നിയോഗിച്ചതിന്റെ ഭാഗമായി പ്രസ്തുത പഞ്ചായത്തുകളിലെ മുഴുവൻ ഭവനങ്ങളിലേക്കുംടാപ്പുകളിൽ ശുദ്ധ ജലവിതരണം ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്ത്,സമിതികൾ,ഗുണഭോക്താക്കൾ എന്നിവരെ സജ്ജമാക്കുന്നതിനും, നിർവ്വഹണ ഏജൻസികൾക്ക് ആവശ്യമായ സഹായം നൽകുന്നതിനുമായി വിവിധ തസ്തികകളിലേക്ക് കുടുംബശ്രീ ഇടുക്കി ജില്ലാ മിഷൻ അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷകൾ ബയോഡാറ്റയും. സർട്ടിഫിക്കറ്റുകളുടെ പകർപ്പും സഹിതം ജില്ലാ മിഷൻ കോർഡിനേറ്റർ , കുടുംബശ്രീ, സിവിൽസ്റ്റേഷൻ , പൈനാവ് പി.ഒ., കുയിലിമല, ഇടുക്കി എന്ന വിലാസത്തിൽ **2021 സെപ്തംബർ 22 ബുധനാഴ്ച വൈകിട്ട് 5 മണിക്കകം** ഈ ഓഫിസിൽ ലഭിക്കേണ്ടതാണ്.

17.06.2021 ലെ വിജ്ഞാപന പ്രകാരം **തപാലിൽ** ആവശ്യമായ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം അപേക്ഷ സമർപ്പിച്ചവർ വീണ്ടും അപേക്ഷ സമർപ്പിക്കേണ്ടതില്ല. വിജ്ഞാപനത്തിൽ സൂചിപ്പിക്കും പ്രകാരമുള്ള ജോലി പരിചയംഉള്ളവർ മാത്രം അപേക്ഷിച്ചാൽമതി. ഇടുക്കി ജില്ല ക്കാർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.

| ക്രമ നമ്പർ | തസ്തിക | യോഗ്യത | ഒഴിവുകളുടെഎണ്ണം |
|---|---|---|---|
| 01 | **ടീം ലിഡർ- രണ്ട് പഞ്ചായത്തുകളിൽഒന്ന്** | MSW/MA സോഷ്യോളജി ബിരുദാന്തരബിരുദം , ഗ്രാമ വികസന പദ്ധതിയുമായി ബന്ധപ്പെട്ട് 3വർഷത്തിൽ കുറയാത്തയുള്ള പ്രവർത്തി പരിചയം ജലവിതരണ പദ്ധതികളിൽ ഉള്ള ജോലി പരിചയം, ടുവിലർ ലൈസൻസ് , കമ്പ്യൂട്ടർ പരിജ്ഞാനം അഭികാമ്യം | **8**<br>മൂന്നാർ, മാങ്കുളം ഉടുമ്പൻചോല, കരു ണാപുരം പള്ളിവാസൽ, സേനാപതി ദേവികുളം, വട്ടവട ഏലപ്പാറ, പീരുമേട് കാന്തല്ലൂർ, മറയൂർ .പാമ്പാടുംപാറ, വണ്ടൻമേട് .കുമളി, വണ്ടിപ്പെരി യാർ |
| 02 | **കമ്മ്യുണിറ്റി എഞ്ചിനിയർ** | ബി ടെക്സിവിൽഎഞ്ചിനിയറിംഗ് / ഡിപ്ലോമ ഇൻ സിവിൽ എഞ്ചിനിയറിംഗ് ഗ്രാമവികസന പദ്ധതി/ജല വിതരണപദ്ധതി എന്നിവയുമായി ബന്ധപ്പെട്ട് 2 വർഷത്തിൽ കുറയാത്തയുള്ള പ്രവർത്തി പരിചയം , ടുവിലർ ലൈസൻസ് , കമ്പ്യൂട്ടർ പരിജ്ഞാനം അഭികാമ്യം | **16** |
| 03 | **കമ്മ്യുണിറ്റി ഫെസിലിറ്റേർ** | ഏതെങ്കിലുംവിഷയത്തിൽ ബിരുദവും, ഗ്രാമവികസനം/സാമൂഹ്യസേവനം/ജലവിതരണ പദ്ധതി | |

| | | | |
|---|---|---|---|
| | | എന്നിവയിൽകുറഞ്ഞത് രണ്ട് വർഷത്തെ ജോലി പരിചയംകുടുംബശ്രീ അംഗങ്ങൾ/ കുടുംബാംഗങ്ങൾ , അതാത് പഞ്ചായത്തുകാർ ക്കും മുൻഗണന | 16 |

- കരാർ കാലാവധി 18 മാസം ആയിരിക്കും
- **ടിംലിഡർ–** രണ്ട് പഞ്ചായത്തുകൾക്ക് ഒരാൾ ആണെങ്കിൽ ഒരുപഞ്ചായത്തിൽ നിന്നും 8000 രൂപ വിതം നിശ്ചിതതുകയും കുടാതെ അതാതു മാസത്തെ ടാർജറ്റ് പൂർത്തികരിക്കുന്നമുറക്ക് 4500 രൂപ യുംഉൾപ്പെടെ 12500 രൂപ ഒരുപഞ്ചായത്തിൽ നിന്നും അനുവദിക്കുന്നതാണ്. ഒരു പഞ്ചായത്ത് മാത്രമാണെങ്കിൽ 10000 രൂപ പ്രതിമാസവേതനവും പുറമെടാർജറ്റ് പുർത്തികരിക്കുന്ന മുറക്ക് ഇൻസെന്റീവായി 6000 രൂപയും
- **കമ്മ്യൂണിറ്റി എൻജിനിയർ–** 12000/ രൂപ പ്രതിമാസവേതനവുംകൂടാതെ ടാർജറ്റ് പുർത്തികരിക്കുന്നമുറക്ക് 8000 രൂപ ഇൻസെൻറീവ് ആയും അനുവദിക്കുന്നതാണ്.
- **കമ്മ്യൂണിറ്റി ഫെസിലിറ്റേർ–**8000രൂപ പ്രതിമാസവേതനവും , ടാർജറ്റ് പൂർത്തീകരിക്കുന്ന മുറക്ക് 4500 രൂപ ഇൻസെന്റീവും അനുവദിക്കുന്നതാണ്.
- വനിതകൾക്കും, അതാത് പഞ്ചായത്തിൽ നിന്നുള്ള വ്യക്തികൾക്കും മുൻഗണന
- കുടുംബശ്രി കുടുംബാംഗമായിരിക്കണം.
- എഴുത്ത് പരിക്ഷയുടെയും, അഭിമുഖത്തിന്റെയും അടിസ്ഥാനത്തിൽ ആയിരിക്കും നിയമനം
- വിശദവിവരങ്ങൾ പ്രവർത്തി ദിനങ്ങളിൽ കുടുംബശ്രി ജില്ലാ മിഷൻ ഓഫിസിൽ നിന്നും അതാത് പഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്നതാണ്.

ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ
കുടുംബശ്രീ, ഇടുക്കി